# ശൈഖ് സ്വാലിഹ് അൽ ഉഥൈമീൻ (رحمه الله)

ലോക മുസ്‌ലിം പണ്ഡിത പ്രമുഖരിൽ അറിയപ്പെടുന്ന ശൈഖ് മുഹമ്മദുബ്നു സ്വാലിഹിബ്നു മുഹമ്മദുബ്നു സുലൈമാനുബ്നു അബ്ദുർറഹ്മാനുബ്നു ആലു ഉഥൈമീൻ (رحمه الله) ഹിജ്റ 1347ൽ റമദാൻ 27ന് സുഊദി അറേബ്യയിലെ അൽഖസീം പ്രവിശ്യയിലെ ഉനൈസയിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം റിയാദിലെ ഇമാം മുഹമ്മദുബ്നു സുഊദ് ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ നിന്നും ഇൽമു ശ്ശരീഅയിൽ ബിരുദം നേടി. ശൈഖ് അബ്ദുർറഹ്മാൻ ബിൻ നാസിർ അസ്സഅദി (رحمه الله), ശൈഖ് ഇബ്നുബാസ് (رحمه الله) തുടങ്ങിയ പ്രമുഖരുടെ ശിഷ്യൻകൂടിയായിരുന്നു മഹാനവർകൾ. പിൽക്കാലത്ത് അദ്ദേഹം ഗുരുവര്യരെക്കാളും പ്രശസ്തനായിത്തീർന്നു.

തന്റെ ഗുരുവര്യനായ ശൈഖ് അബ്ദുർറഹ്മാൻ സഅദിയുടെ നിര്യാണത്തിനുശേഷം ‘ഉനൈസ’യിലെ ‘ജാമിഉൽ കബീറി’ൽ ഖത്വീബും മുഫ്തിയുമായി നിയമിതനായി. കൂടാതെ സഊദി അറേബ്യയിലെ ഉന്നത പണ്ഡിതസഭയിലെ അംഗം, റിയാദിലെ ഇമാം മുഹമ്മദുബ്നു സുഊദ് ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അൽഖസീം ശരീഅഃ കോളേജിലെ ‘ഇസ്‌ലാമിക് വിശ്വാസവിഭാഗം’ തലവൻ എന്നീ സ്ഥാനങ്ങളലങ്കരിക്കുകയും ചെയ്തിട്ടു ്. ഹിജ്റഃ 1414ൽ കിംഗ് ഫൈസൽ അവാർഡ് നേടിയ ശൈഖവർകൾ ഘനപ്പെട്ട ഫത്‌വകളും ലേഖനങ്ങളുമടക്കം ചെറുതും വലുതുമായി നൂറിലധികം ഗ്രന്ഥങ്ങൾ രചിച്ച് മുസ്‌ലിം ലോകത്തെ ധന്യമാക്കിയ മഹാവ്യക്തിത്വവും കൂടിയാണ്. ലളിതവും സാധാരണവുമായ ജീവിതം നയിച്ചിരുന്ന അദ്ദേഹം 74-ാം വയസ്സിൽ നിര്യാതനായി.

(സമ്പാദനം: സലഫീവോയ്സ് ടീം)